# എൻ. എം. എൽ. പി. സ്കൂൾ ശബരിമാങ്കൽ,

# തടിയൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025 – 2026



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 – 2026

| | |
|---|---|
| സ്കൂൾ | എൻ എം എൽ പി സ്കൂൾ ശബരിമാങ്കൽ |
| സ്കൂൾ കോഡ് | 37628 |
| ക്ലാസ് | പ്രീപ്രൈമറി - ക്ലാസ് 4 |
| പഞ്ചായത്ത് | എഴുമറ്റൂർ |
| വാർഡ് | 7 |
| വില്ലേജ് | തെള്ളിയൂർ |
| ബ്ലോക്ക് | കോയിപ്രം |
| ജില്ല | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | തിരുവല്ല |
| സബ് ജില്ല | വെണ്ണിക്കുളം |
| സി.ആർ.സി | ജിഎൽപിഎസ് തെള്ളിയൂർ |
| ബിആർസി | വെണ്ണിക്കുളം |
| ഹെഡ്മാസ്റ്റർ | ശ്രീ. സ്റ്റാൻലി ജി |
| ഫോൺ | 9946449112 |
| ലൊക്കേഷൻ | തടിയൂർ - ചരൽക്കുന്ന് റോഡിൽ ഇടയ്ക്കാട് മാർക്കറ്റിന് സമീപം |

# ആമുഖം

ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് , കുട്ടിയുടെ സമഗ്രവികാസം ഉറപ്പു വരുത്തുകയാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി. കുട്ടിയുടെ വൈജ്ഞാനിക, വൈകാരിക, സാമൂഹിക മേഖലകളിൽ ഉണ്ടാകേണ്ടുന്ന വളർച്ചയാണ് സമഗ്ര വികാസം. നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ നടത്തിയാണ് ഒരു വിദ്യാലയം നേട്ടങ്ങൾ കൈവരിക്കാൻ ശ്രമിക്കുന്നത്. സമൂഹത്തിലെ എല്ലാ കുട്ടികളെയും വിദ്യാലയത്തിൽ എത്തിയ്ക്കാൻ കഴിഞ്ഞു എങ്കിലും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് കേരളത്തിലെ വിദ്യാഭ്യാസ രംഗം നേരിടുന്ന വെല്ലുവിളിയാണ്.

കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പുത്തൻ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകളും അഭിരുചികളും വികസിപ്പിച്ചെടുത്ത് അവരെ മികവിലേക്ക് ഉയർത്താൻ സാധിച്ചാലേ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണമാകൂ.

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ, മനുഷ്യവിഭവ ശേഷി, സമ്പത്ത്, വിവിധ സാമഗ്രികൾ എന്നിവ ആവശ്യമാണ്. ഇവയെല്ലാം കണ്ടെത്തി വിദ്യാലയം പുരോഗതിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കുന്ന ഒന്നാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

# ലക്ഷ്യങ്ങൾ

* പ്രീപ്രൈമറി  മുതൽ  നാല്  വരെയുള്ള ഓരോ ക്ലാസുകളിലും കുട്ടി പ്രതീക്ഷിക്കുന്ന നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.

* എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

* മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക

* മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതി ശാസ്ത്രം വികസിപ്പിക്കുക.

* വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

* പഠനത്തെ പരിസര ബന്ധിതവും ജീവിത ഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക അതുവഴി സ്കൂളിനെ ഒരു പാഠപുസ്തകമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂളും ജൈവ വൈവിധ്യ ഉദ്യാനമായി മാറ്റുക

* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെട്ട ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക

# വിദ്യാലയ ചരിത്രം

കൊല്ലവർഷം 1082 ൽ ( 1919 മെയ് 17 ) ഇംഗ്ലണ്ടിലെ മിഷണറിയായ എഡ്വേർഡ് ഹണ്ടർ നോയൽ ശബരിമാങ്കൽ എൻ എം എൽ പി സ്കൂൾ സ്ഥാപിച്ചു. തന്റെ പിതൃസ്വത്ത് വിറ്റുകിട്ടിയ പണം മുഴുവൻ കേരളത്തിൽ 21 ലധികം സ്കൂളുകൾ സ്ഥാപിക്കുന്നതിനായി ഉപയോഗിച്ചു. ആദ്യം 1 മുതൽ 3 വരെയുള്ള ക്ലാസുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1937 മെയ് 17 മുതൽ എൻ എം എൽ പി സ്കൂൾ ആയി മാറിയത്.

കുമ്പനാട് എൻ എം സ്കൂൾസ് കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

മുൻ മാനേജർമാർ

കെ.പി. ജോർജ്ജ് മൈലപ്ര

എ.കെ. തോമസ്

വി.കെ. മാത്യു

പ്രൊഫ. ജേക്കബ് തോമസ്

വർഗ്ഗീസ് ഏബ്രഹാം

ഡോ. എം പി ജോസഫ് തൃശ്ശൂർ മാനേജരായി തുടരുന്നു

മുൻ ഹെഡ്മാസ്റ്റർമാർ

പി.എൽ മത്തായി പറമ്പിൽ

ഏലി ജോസഫ് പറമ്പിൽ

കെ.വൈ യോഹന്നാൻ

ജോയമ്മ

എൻ.സി. പൊന്നമ്മ

സി.ഡി. തങ്കമ്മ

ജയ ജോൺ

അന്നമ്മ മാത്യു

സ്റ്റാൻലി ജി ഹെഡ്മാസ്റ്ററായി തുടരുന്നു.

നിലവിലെ അവസ്ഥ

| | |
|---|---|
| കുട്ടികളുടെ എണ്ണം | 54 |
| അദ്ധ്യാപകരുടെ എണ്ണം | 5 |
| ക്ലാസ്സ് മുറികളുടെ എണ്ണം | 5 |
| കമ്പ്യൂട്ടർ റൂം | 1 |
| ലാപ് ടോപ്പ് | 1 |
| യൂറിനൽ | 2 |

| | |
|---|---|
| ടോയ്‌ലറ്റ് | 4 |
| ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | |
| | |
| ഹെഡ്മാസ്റ്റർ | സ്റ്റാൻലി ജി |
| എൽ പി എസ് ടി | 1. ലിജി എം തോമസ് |
| | 2. ഹരി ഗോവിന്ദ് എസ്സ് |
| | 3. ആര്യമോൾ ആർ ജെ |
| പ്രീ-പ്രൈമറി | ഷീജ പി. കെ |
| | |

കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച്

| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| I | 11 | 5 | 16 |
| II | 7 | 5 | 12 |
| III | 8 | 4 | 12 |
| IV | 10 | 4 | 16 |
| Total | 36 | 18 | 54 |

പ്രീപ്രൈമറി കുട്ടികളുടെ എണ്ണം

| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| പ്രീപ്രൈമറി | 7 | 7 | 14 |
| | | | |

പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളുടെയും എഴുത്തും വായനയും പരിപോഷിപ്പിക്കും
- മാതൃഭാഷ, ഹിന്ദി, ഇംഗ്ലീഷ് എന്നിവ കൈകാര്യം ചെയ്യുന്ന ശേഷി നേടുക
- സംഖ്യാബോധം, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
- ഓരോ ക്ലാസിലും നേടേണ്ട പഠന നേട്ടങ്ങൾ നേടിയെന്നുറപ്പു വരുത്തുക
- എല്ലാ കുട്ടികളുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
- പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക
- മലയാളം, ഇംഗ്ലീഷ് പ്രസംഗ പരിശീലനം, കഥ പറയൽ, അഭിനയ ഗാനം, കൊറിയോഗ്രഫി എന്നിവയിൽ പരിശീലനം നൽകുക
- ഫലപ്രദമായ ക്ലാസ്സ് ലൈബ്രറി
- സ്പോക്കൺ ഇംഗ്ലീഷ്
- ഗണിതം ലളിതം
- പ്രകൃതിയെ അറിയുക
- ലഘു പരീക്ഷണങ്ങൾ
- ICT സാധ്യത പ്രയോജനപ്പെടുത്തൽ
- ജൈവ വൈവിധ്യ പാർക്ക്
- നന്മയുടെ കരങ്ങൾ ( കാരുണ്യ പ്രവർത്തനങ്ങൾ )

മേഖലകൾ

# ഭാഷ

ലക്ഷ്യം

1) എല്ലാ കുട്ടികളും സർഗാത്മകമായി വായിക്കുകയും എഴുതുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുക
2) എല്ലാ കുട്ടികളും ഓരോ പ്രായ ഘട്ടത്തിനും അനുയോജ്യമാകും വിധം മികച്ച നിലയിൽ ആശയവി വിനിമയം നടത്തുന്നു എന്ന് ഉറപ്പാക്കുക
3) കുട്ടികളുടെസാഹിത്യ അഭിരുചി വളർത്തുക.
4) സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക
5) ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
6) ഭാഷോശേഷിവികാസത്തിനായി ആധു നിക സോങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനെപെടുത്തുക
7) വായനാക്കൂട്ടം,എഴുത്തുകൂട്ടം
8) മലയാളത്തിളക്കം
9) അമ്മ വായന
10) മടിയിലിരിക്കാം, കഥ കേൾക്കാം
11) ദിനാചരണവുമായി ബന്ധപ്പെട്ട വായനയുടെയും സാധ്യത കണ്ടെത്തുക
12) ഗ്രന്ഥ ശാല അംഗത്വം
13) ചുമർ മാഗസിൻ എഴുത്ത് വായന പരിപോഷിപ്പിക്കുക
14) സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി
15) വായന സാമഗ്രികൾ കണ്ടെത്തി വികസിപ്പിക്കുക
16) സാഹിത്യ രചനകൾ കണ്ടെത്തി വായിക്കുക എഴുതുക, പരിചയപ്പെടുക

പ്രവർത്തനം

1. അർത്ഥ പൂർണ്ണമായ വായന ആശയ ഗ്രഹണ വായന ഉറപ്പാക്കുക- പത്രവായനയും വിശകലനവും ക്ലാസുകളിൽ ഗ്രൂപ്പായി പത്ര വായന നടത്തുക. ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ അവസരം ഒരുക്കുക
2. സ്കൂൾ ലൈബ്രറിയിലും ക്ലാസ്സ് ലൈബ്രറിയിലും കുട്ടികളെ മാസികകൾ, മാഗസിനുകൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക
3. ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ ആഴ്ചയിൽ ഒരു പുസ്തകം വായിക്കാൻ കുട്ടികളെ പ്രോത്സാഹിക്കുക. കുറിപ്പ് തയ്യാറാക്കുക, പുസ്തകം ആശയങ്ങളെ ആധാരമാക്കി വായിച്ച് ആവിഷ്കരണങ്ങൾ നടത്തുക, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന, അമ്മമാർക്കും ആഴ്ചയിൽ ഒരു പുസ്തകം നൽകുക,വായിച്ച് അതിന്റെ കുറിപ്പ് തയ്യാറാക്കുക
4. വായന അവതരണ പുസ്തക പ്രദർശനങ്ങൾ സംഘടിപ്പിക്കുക
5. മലയാളത്തിളക്ക രീതിയിൽ പ്രവർത്തനങ്ങൾ ചെയ്യുക. പ്രീ ടെസ്റ്റ് നടത്തി പിന്നോക്കാക്കരെ കണ്ടെത്തുക
6. അക്ഷരം ഉറപ്പിക്കൽ- ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ, അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിച്ച് അക്ഷര വാക്കുകൾ രൂപീകരിക്കൽ , വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് പറയിപ്പിക്കൽ

7. വീഡിയോ പ്രദർശനം-ചിത്രങ്ങൾ അടങ്ങിയ വീഡിയോ പ്രദർശിപ്പിക്കുന്നു, ഓരോ ചിത്രത്തെയും കുറിച്ച് പറയാനും എഴുതാനും അവസരം

8. ക്ലാസ് ലൈബ്രറി തയ്യാറാക്കൽ - അധ്യാപകരുടെ സഹായത്തോടെ ലൈബ്രറി തയ്യാറാക്കുന്നു

9. ഗ്രന്ഥശാല അംഗത്വം- സമീപത്തുള്ള ഗ്രന്ഥശാല സന്ദർശിച്ച് അവിടെ അംഗത്വം എടുക്കുക. പുസ്തകങ്ങൾ വായിച്ച് അതിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക . കുട്ടികൾ രചിച്ച പുസ്തകങ്ങളുടെ പ്രകാശനം നടത്തുക

10. വായനോത്സവം- കുട്ടികളുടെ കൂട്ടായ്മ യോഗം സംഘടിപ്പിക്കൽ. പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കു വെക്കുക,ആസ്വാദനക്കുറിപ്പ് എന്നിവ എഴുതുക

11. മലയാളംമധുരം-

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. സർഗ്ഗ ശേഷി വികസനത്തിന് സാധ്യത ഒരുക്കുന്ന ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു, കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം/ സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ( മലയാളത്തിലും ) | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർ മ്മിക്കുക<br>7. വാക്യങ്ങൾ നിർ മ്മിക്കൽ<br>8. ചിത്രം അടിക്കുറുപ്പ്<br>9. ചിത്രം കഥ പറയൽ<br>10. കഥ ബാക്കി എഴുതൽ<br>11. കഥാ പുസ്തകം നൽകൽ<br>12. ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>13. ഭാഷാപരമായി | 2 മാസം<br>2 മാസം<br>എല്ലാ ആഴ്ചയും<br>ആഴ്ചയിൽ രണ്ട്<br>ജൂൺ - മാർച്ച്<br>“ | പുസ്തകങ്ങൾ<br>videos | PTA<br>BRC<br>SCERT<br>SRG<br>BRC<br>PTA<br>IED Trainer |

| | | | | | |
|---|---|---|---|---|---|
| | | പിന്നോക്കം നിൽ ക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | | | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം/ സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | * ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>* വായന മൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>* സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* പത്രവായന<br>* വായനാനുഭവം പങ്കുവയ്ക്കൽ<br>* വായനാക്കുറിപ്പ് പതിപ്പ്<br>* വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>* ദിനാചരണങ്ങൾ<br>* ആസ്വാദ്യകരമായ വായന<br>* പുസ്തക വായന<br>* E-വായന<br>* പുസ്തകം ഒരുക്കൽ<br>* വായനക്കൂട്ടം മോണിറ്ററിംഗ് | ജൂലൈ<br>ജൂൺ - മാർച്ച്<br>“ | ക്ലാസ് ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ഇന്റർനെറ്റ് | ബിആർസി<br>SCERT<br>ഗ്രന്ഥശാല<br>PTA<br>BRC<br>BRC |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം/ സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | * എഴുത്തുക്കൂട്ട രൂപീകരണം<br>* പുസ്തക ചർച്ച<br>* ക്ലാസ് ലൈബ്രറി<br>* വായനാക്കുറിപ്പ്, പതിപ്പ്<br>* ചുമർപത്രിക<br>* പതിപ്പ് തയ്യാറാക്കൽ<br>* സർഗ്ഗ സൃഷ്ടികളുടെ പുസ്തകം<br>* വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ്<br>* സർഗ്ഗവേള<br>* പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>* വ്യക്തിഗത രചന, സംഘ രചന<br>* രചയിതാക്കളെ പരിചയപ്പെടൽ<br>* സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | 6 മാസം<br>ജൂലൈ- മാർച്ച്<br>ജൂൺ -മാർച്ച്<br>6 മാസം<br>ജൂലൈ - മാർച്ച്<br>6 മാസം | സ്കൂൾ<br>ക്ലാസ് ലൈബ്രറി<br>ഗ്രന്ഥശാല<br>പുസ്തകങ്ങൾ | PTA<br>CPTA<br>SRG<br>Teachers |

# ENGLISH

| Name of Activity | Learning Objectives | Activities | Time | Support | Finance |
|---|---|---|---|---|---|
| New words | Learn more English words | Every morning a new word is written on the board. The Teacher reads it and teach it. The children learn it | June – March | Teacher | |
| Learn English | Enable all children to communicate confidently in English | Class room English, Hello English are conducted to help children handle the English language with confidently. | June – March | Teacher | |
| Hello English | To handle English with out fear | Provides activities to enhance. English language knowledge and make it fun for example daily class room conversations, group discussions | July – November | Teachers<br><br>SRG | |
| English Fest | Providing opportunities for English expression | English fest is held by including rhymes, stories, poems, action songs and descriptions from the lessons . | March | Teacher<br><br>PTA | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള – പ്രദർശനം<br>നാടൻ വിഭവങ്ങൾ<br>ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം | ഡിസംബർ - ജനുവരി | SRG<br>SMC | |
| ശുചിത്വബോധമുള്ള വ്യക്തിതവവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ,<br>പോസ്റ്റർ രചനാ മത്സരങ്ങൾ<br>അവതരണങ്ങൾ | ജൂൺ-<br>ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം, കാണാകാഴ്ചകൾ | സെപ്റ്റംബർ<br>ഡിസംബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| നാടറിയാൻ-<br>നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക്<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ നടത്തുന്ന<br>കുറിപ്പ് തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ വൈവിധ്യ പാർക്ക്<br>തടയണ<br>മഴക്കുഴി നിർമ്മാണം<br>ജലസ്രോതസുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൾ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | ജൂലൈ - ഡിസംബർ | | |

പ്രകൃതി നടത്തം

| | | | | |
|---|---|---|---|---|
| നിരീക്ഷണം<br>അറിവ് നിർമ്മാണം | പാഠ ഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കൽ | | HM<br>CPTA | PTA |

ശാസ്ത്രമൂല

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>class Teacher | PTA<br><br>BRC |

ശാസ്ത്ര യാത്ര

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക് ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | Hm<br>SRG<br>CPTA<br>Class Teacher | PTA |

ഭൂപടമൊരുക്കാം

| | | | | |
|---|---|---|---|---|
| കേരളം -ഇന്ത്യ- ഭൂപട വായന – സൂചിക പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചിക നിർമ്മാണം | വർഷത്തിൽ ഒന്ന് | SRG<br>class Teacher | PTA |
| ശാസ്ത്ര വിസ്മയ ചുമർ<br><br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | | SRG<br>class Teacher | PTA |
| ശാസ്ത്രോത്സവം<br><br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG<br>class Teacher | PTA |
| ശാസ്ത്രമാസിക<br><br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | SRG<br>class Teacher | PTA |

# ഗണിതം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിതം ലളിതം | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക | അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കാനായി പ്രവർത്തനം നൽകുന്നു | 3 മാസം | അദ്ധ്യാപിക | |
| ഗണിതം മധുരം | ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു | 3 മാസം | അദ്ധ്യാപിക | |
| ഗണിത വിജയം | അടിസ്ഥാന ശേഷി ഉറപ്പിക്കൽ | ഗണിത ശേഷികൾ ഉറപ്പിക്കാനായി കളികളിലൂടെ ഗണിത പ്രവർത്തനം നടത്തുന്നു | ജൂൺ - മാർച്ച് | അദ്ധ്യാപിക | |
| ഉല്ലാസ ഗണിതം | അടിസ്ഥാന ശേഷി നേടൽ | 1,2,3,4 ക്ലാസിലെ ഗണിതത്തിലെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിന് കളിയിലൂടെ പ്രവർത്തനങ്ങൾ നടത്തുന്നു | ജൂൺ - മാർച്ച് | അദ്ധ്യാപിക | |
| ഗണിത കിറ്റ് | ഗണിത പഠനത്തിന് സഹായകമായവ ശേഖരിക്കൽ | സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്ന സംഖ്യാകാർഡ് നിർമ്മിക്കൽ ഗണിത പഠനത്തിന് സഹായകമായ ഗണിത കിറ്റ് തയ്യാറാക്കുന്നതിന് | ജൂലൈ - ആഗസ്റ്റ് | അദ്ധ്യാപിക | |

കലാ പ്രവൃത്തി പരിചയ പരിശീലനം

| പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കലാപഠനം | കുട്ടികളുടെ സർഗാത്മകത കണ്ടെത്തൽ | നാടൻപാട്ട് പരിശീലനം<br>കവിതാ പാരായണം<br>കഥ പറയൽ<br>കടങ്കഥ പയറ്റ് | ഒരു വർഷം | അദ്ധ്യാപകർ<br>രക്ഷകർത്താക്കൾ<br>കുട്ടികൾ | |
| പ്രവൃത്തി പരിചയം | പാഴ് വസ്തുക്കളിൽ നിന്ന് പുതിയ വസ്തുക്കൾ തയ്യാറാക്കാനുള്ള പ്രാവീണ്യം നേടൽ | ഉപയോഗ ശൂന്യമായ വസ്തുക്കളിൽ നിന്നും പുതിയ ഉപകരണങ്ങൾ, വസ്തുക്കൾ തയ്യാറാക്കുന്ന പ്രവർത്തനം | ഒരു വർഷം | അദ്ധ്യാപകർ<br>രക്ഷകർത്താക്കൾ<br>കുട്ടികൾ | |
| പ്രവൃത്തി | ചെലവ് കുറഞ്ഞ | പുതിയ | ഒരു വർ | അദ്ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| പരിചയം | പഠനോപകരണങ്ങൾ നിർമ്മിക്കൽ | പഠനോപകരണങ്ങൾ നിർ മ്മിക്കുന്നു | ഷം | രക്ഷകർ ത്താക്കൾ കുട്ടികൾ | |

# ഉപസംഹാരം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ശബരിമാങ്കൽ എൻ എം എൽ പി സ്കൂൾ ചെയ്തുകൊണ്ടിരിക്കുന്നതും ഭാവിയിൽ സ്കൂളിന്റെ പുരോഗതിക്ക് ആവശ്യമായ പദ്ധതികളും കോർത്തിണക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ മാസ്റ്റർ പ്ലാൻ.

ഈ സ്കൂളിന്റെ പുരോഗമനം ആഗ്രഹിക്കുന്ന നല്ലവരായ നാട്ടുകാരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സഹായ സഹകരണത്തിനായി ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

N.M.L.P. SCHOOL SABARIMANKAL

STANLY G
PEN - 882875
HEADMASTER
N.M.L.P SCHOOL
SABARIMANKAL